(ബി) 8-3-2002-ലെ ജി. ഒ. (എംഎസ്.) 65/2000/റവന്യൂ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ വാഗമൺ, ഏലപ്പാറ വില്ലേജിലെ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റിലെ അധീനതയിലുള്ള 762.2826 ഹെക്ടർ ഭൂമി വാഗമൺ പ്രോജക്ടിനായി ടൂറിസം വകുപ്പിന് കൈമാറിയിട്ടുണ്ട്.

(സി) ഇല്ല. എന്നാൽ ഏകദേശം 50 ഹെക്ടറോളം സ്ഥലം കൈയ്യേറ്റം നടത്തപ്പെട്ടതായി കണക്കാക്കുന്നു.

(ഡി) ഉണ്ട്.

(ഇ) ന്യൂഡൽഹി ആസ്ഥാനമായ M/s. P.K.F. Worldwide എന്ന സ്ഥാപനവും EDSA എന്ന അമേരിക്കൻ ഏജൻസിയും സംയുക്തമായിട്ടാണ് റിപ്പോർട്ട് തയ്യാറാക്കിയത്. രണ്ട് ഏജൻസികൾക്കും കൂടി 1,15,95,750 രൂപ കൊടുക്കുവാൻ തീരുമാനിച്ചതിൽ മൂന്ന് ഘട്ടങ്ങളിലെ പണം കൊടുക്കൽ വ്യവസ്ഥയിൽ അമേരിക്കൻ ഏജൻസിക്ക് 56,56,000 രൂപയും PKF ഡൽഹിക്ക്-36,20,600 രൂപയായും ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

(എഫ്) ഇക്കാര്യം പിന്നാലെ പരിശോധിക്കാവുന്നതാണ്.

വാഗമണിൽ ആരംഭിക്കുന്ന ടൂറിസം പ്രോജക്ട്

66 (4007) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ വാഗമണിൽ ആരംഭിക്കുന്ന കോലാഹലമേട് ടൂറിസം പ്രോജക്ടിനെ സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) കൊച്ചിയിൽ നടന്ന 'ജിമ്മിൽ' വാഗമണിൽ ടൂറിസം പ്രോജക്ട് ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ടോ ;

(സി) ടൂറിസം വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള നിക്ഷേപ അവസരങ്ങൾ എന്ന ലഘുലേഖയിൽ വാഗമൺ പ്രോജക്ടിനെ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ടൂറിസം വകുപ്പ് ഇന്റർനെറ്റുവഴി വാഗമൺ പ്രോജക്ടിനെ സംബന്ധിച്ച് പരസ്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ഇ) ഈ പരസ്യങ്ങളുടെ കോപ്പി ലഭ്യമാക്കാമോ ;

(എഫ്) ഹെറിറ്റേജ് വില്ലേജ്, ഗോൾഫ് കോഴ്സുകൾ, അഡ്വഞ്ചർ സ്പോർട്ട്സ്, ടൂറിസം, റിസോൾട്ടുകൾ എന്നിവ ഉൾപ്പെടുന്നതാണോ നിർദ്ദിഷ്ട വാഗമൺ ടൂറിസം പ്രോജക്ട് എന്ന് വ്യക്തമാക്കാമോ ;

(ജി) ഈ പ്രോജക്ടിന്റെ പ്രതീക്ഷിക്കുന്ന നിക്ഷേപം എത്ര കോടി രൂപയുടേതാണെന്ന് വ്യക്തമാക്കാമോ ;

(എച്ച്) ഈ പ്രോജക്ടിനായി എത്ര ഹെക്ടർ സ്ഥലം വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ഇതിനായി നിർദ്ദേശിച്ചിട്ടുള്ള സ്ഥലം ഏതൊക്കെയാണെന്നും ഈ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി ഏതുവരെയായി എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ ഏലപ്പാറ വില്ലേജിലെ വാഗമൺ അന്തരാഷ്ട്ര നിലവാരമുള്ള ഒരു ഹിൽ റിസോർട്ടായി വികസിപ്പിക്കുന്നതിനായൊരു പ്രോജക്ട് തയ്യാറാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രോജക്ടിനെ സംബന്ധിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കാനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്.

(ബി) വാഗമൺ വിനോദസഞ്ചാര പദ്ധതിയുടെ ഭാഗമായി വാഗമൺ ഹോളിസ്റ്റിക് ടൂറിസം & എഡ്യൂക്കേഷൻ പ്രോജക്ട് എന്ന പേരിൽ ഒരു സ്ഥാപനം നടത്തുന്നതിന് മുംബൈ ആസ്ഥാനമായുള്ള ഇൻ ഹെറിട്ടൻസ് ഇന്ത്യ എന്ന സ്ഥാപനം താല്പര്യം പ്രകടിപ്പിക്കുകയും അതിൻപ്രകാരം ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുകും ചെയ്തിട്ടുണ്ട്.

(സി) ഇല്ല. എന്നാൽ കേരള വ്യവസായ വികസന കോർപ്പറേഷൻ ആഗോള നിക്ഷേപ സംരംഭത്തോടനുബന്ധിച്ച് ഇറക്കിയിട്ടുള്ള ലഘുലേഖയിൽ ഇത് പ്രതിപാദിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

(എഫ്) വിനോദസഞ്ചാരികൾക്ക് താമസിക്കുന്നതിനുവേണ്ടിയുള്ള ക്ലാസ്സ് ഹോട്ടലുകൾ, റിസോർട്ട്സ്, ഗോൾഫ് കോഴ്സ്, ക്ലബ്ബ് ഹൗസുകൾ, ആരോഗ്യകേന്ദ്രങ്ങൾ, മെഡിറ്റേഷൻ സെന്ററുകൾ എന്നിവ ഉൾപ്പെട്ടതാണ് നിർദ്ദിഷ്ട വാഗമൺ ടൂറിസം പ്രോജക്ട്. ഇതിന്റെ വിശദാംശങ്ങൾക്ക് അന്തിമ രൂപം നൽകിയിട്ടില്ല.

(ജി) കണക്കാക്കിയിട്ടില്ല.

(എച്ച്) 762.28 ഹെക്ടർ

(ഐ) 8-3-2002-ലെ ജി. ഒ. (എംഎസ്.) 65/2000/റവന്യൂ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ വാഗമൺ, ഏലപ്പാറ വില്ലേജിലെ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റിലെ അധീനതയിലുള്ള 762.2826 ഹെക്ടർ ഭൂമി വാഗമൺ പ്രോജക്ടിനായി ടൂറിസം വകുപ്പിന് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly